മേൽ സൂചിപ്പിച്ച 3 പ്രോജക്ടുകൾക്ക് പുറമെ 'സ്വശക്തി യോജന' എന്ന പ്രോജക്ട് സംസ്ഥാന സർക്കാർ സംസ്ഥാന വിഹിതം നൽകണമെന്ന ഉറപ്പിന് വിധേയമായും ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭ്യമാക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായും കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എസ്. ജി. എസ്. വൈ. പദ്ധതിക്ക് ലഭിച്ച കേന്ദ്ര വിഹിതവും അനുവദിച്ച സംസ്ഥാന വിഹിതവും അനുബന്ധം 1-ലും എസ്. ജി. എസ്. വൈ. സ്പെഷ്യൽ പ്രോജക്ടുകൾക്ക് ലഭിച്ച കേന്ദ്ര വിഹിതവും അനുവദിച്ച സംസ്ഥാന വിഹിതവും അനുബന്ധം 2-ലും കൊടുത്തിരിക്കുന്നു.

കുടുംബശ്രീക്ക് കേന്ദ്ര സഹായം

175 [3580] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, കെ. മോഹൻകുമാർ:
,, ലൂഡി ലൂയിസ്:
,, ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീയുടെ പ്രവർത്തനത്തിന് വേണ്ടി ഇക്കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ എത്തെല്ലാം കേന്ദ്ര സഹായം കിട്ടി;

(ബി) ഇതിൽ ഏതെങ്കിലും തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ;

(സി) കേന്ദ്ര തുകയുടെ വ്യക്തമായ കണക്ക് സമർപ്പിക്കാത്തതുമൂലം കേന്ദ്രത്തിൽ നിന്നും ഈ ഇനത്തിൽ ലഭിക്കേണ്ട തുക ലഭിക്കാതെ വന്നിട്ടുണ്ടോ?

ഉത്തരം

(എ) മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) ഇല്ല.

(സി) ഇല്ല.

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ കാസർഗോഡ് ജില്ലയിലെ പ്രവൃത്തികൾ

176 [3581] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ. ഐ. ഡി. എഫ്. IV-ൽ ഉൾപ്പെടുത്തി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ കാസർഗോഡ് ജില്ലയിൽ ഏതൊക്കെ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly